# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.6832 10.07.2014-ൽ മറുപടിക്ക്**

## കേരള വാട്ടർ അതോറിറ്റിയിലെ ഇ.ആർ.പി. സംവിധാനം

| ചോദ്യം<br>ശ്രീ.വി.ശിവൻകുട്ടി | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ | കേരള വാട്ടർ അതോറിറ്റിയിൽ ഇ.ആർ.പി സംവിധാനം നടപ്പാക്കേണ്ട തിന്റെ ആവശ്യകത എന്താണെന്നും ഇക്കാര്യം ഒരു വിദഗ്ധ സമിതി യെ കൊണ്ട് പരിശോധി ക്കുമോ എന്നും വ്യക്തമാക്കുമോ; | എ | കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സോഫ്റ്റ് വെയറുകൾ കേന്ദ്രീകൃത മാക്കുക എന്നതാണ് ഇ.ആർ.പി. യുടെ ആവശ്യകത. ഇത് സംബന്ധിച്ച് ഒരു വിദഗ്ധ സമിതിയുടെ പരിശോധന ഇപ്പോൾ ആവശ്യമാണെന്ന് കരുതുന്നില്ല. |
| ബി | പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതു കൊണ്ട് വാട്ടർ അതോറിറ്റിയ്ക്ക് കൈവരിക്കാൻ കഴിയുന്ന നേട്ടങ്ങൾ എന്തൊക്കെ യാണെന്ന് വിശദമാക്കുമോ ; | ബി | പ്രസ്തുത സംവിധാനം നടപ്പിലാക്കു ന്നതു കൊണ്ട് വാട്ടർ അതോറിറ്റി യ്ക്ക് താഴെപ്പറയുന്ന നേട്ടങ്ങൾ കൈവരിക്കാൻ കഴിയും.<br>1. അതോറിറ്റിയുടെ പ്രവർത്തന ങ്ങൾക്കാവശ്യമായ കേന്ദ്രീകൃത സോഫ്റ്റ് വെയറാണ് ഇ.ആർ.പി. വരവ് ചെലവ് കണക്കുകൾ സൂക്ഷ്മമായി പരിശോധിക്കാനും നിയന്ത്രിക്കുവാനും അനാവശ്യ ചെലവുകൾ കുറയ്ക്കുവാനും ഇതുവഴി സാധ്യമാകുന്നതാണ്.<br>2. ജീവനക്കാരുടെ ആനുകൂല്യ ങ്ങൾ (പ്രമോഷൻ, മെഡിക്കൽ റീ ഇംബേഴ്സ് മെന്റ്, ലീവ് തുടങ്ങിയവ) കൃത്യമായി നിരീക്ഷിക്കാനും കാല താമസം കൂടാതെ നടപ്പിലാക്കാനും സാധ്യമാകുന്നതാണ്. |

3. എല്ലാ പ്രോജക്ടുകളും സമയ ബന്ധിതമായി നടപ്പിലാക്കാനും അധിക ചെലവുകൾ നിയന്ത്രി ക്കാനും ഉതകുന്നതാണ്. അറ്റകുറ്റ പ്പണികളും പമ്പുകളുടേയും പൈപ്പു കളുടേയും പ്ലാന്റുകളുടെയും പ്രിവന്റീവ് മെയിന്റനൻസുകളുടെ മേൽ നോട്ടവും മെറ്റീരിയൽ പർ ച്ചേസും കാര്യക്ഷമമായി നടപ്പാ ക്കാൻ ഇതുവഴി സാധിക്കുന്ന താണ്.

4. ഇപ്പോൾ നിലവിലുള്ള പേപ്പർ ഫയൽ ഡിജിറ്റൈസ് ചെയ്ത് ഡിജിറ്റൽ ഫയൽ വഴി സൂക്ഷിക്കുവാനും വേണ്ട തീരുമാന ങ്ങൾ വളരെ പെട്ടെന്ന് തന്നെ എടുക്കുവാനും സാധി ക്കുന്നതാണ്.

5. അതോറിറ്റിയുമായി ബന്ധപ്പെട്ട കോടതി കേസുകൾ കൈകാര്യം ചെയ്യുവാനും, എല്ലാ ജീവന ക്കാർക്കും ഈ മെയിൽ സംവി- ധാനവും ഇ.ആർ.പി. യിലൂടെ സാധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ